## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 685 — 29.06.2011-ൽ മറുപടിയ്ക്ക്

### "അമ്പലപ്പുഴ പാൽപ്പായസം നശിപ്പിച്ച സംഭവം"

ചോദ്യം
ശ്രീ.ജി.സുധാകരൻ

ഉത്തരം
ശ്രീ. വി.എസ്.ശിവകുമാർ
ബഹുമാനപ്പെട്ട ഗതാഗതവും ദേവസ്വവും
വകുപ്പു മന്ത്രി.

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | അമ്പലപ്പുഴ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിൽ തെരഞ്ഞെടുപ്പു ഫലം വന്നയുടനെ പാൽപ്പായസം വെളിയിൽ കളഞ്ഞ് നശിപ്പിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | നശിപ്പിച്ച പാൽപ്പായസം ആരുടെ പേരിൽ ബുക്കു ചെയ്തിരുന്നതാണെന്നും അതിന്റെ വില ഈടാക്കിയിട്ടുണ്ടോയെന്നും അറിയിക്കാമോ; | (ബി) | നശിപ്പിച്ച പാൽപായസം ആരുടെ പേരിൽ ബുക്കു ചെയ്തതാണെന്ന് രേഖകൾ ഇല്ലായെന്നും, എന്നാൽ പാൽപായസം ബുക്കുചെയ്തത് ശ്രീമതി. കെ. ആർ. ഗൗരിയമ്മയ്ക്ക് വേണ്ടിയാണെന്ന് അന്നത്തെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീമതി കെ.എസ്. സുജാതകുമാരി അറിയിച്ചിരുന്നതായും. പാൽപായസം ഏറ്റുവാങ്ങാൻ ആരും എത്താത്ത സാഹചര്യത്തിൽ പാൽപായസത്തിന്റെ വില സ്വന്തമായി ശ്രീമതി. കെ.എസ്.സുജാതകുമാരി തന്നെ ദേവസ്വത്തിൽ അടച്ചിട്ടുള്ളതായും ദേവസ്വം ബോർഡിന്റെ വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണത്തിൽ നിന്നും അറിയുന്നു. |
| (സി) | ഇതേപ്പറ്റി ഒരന്വേഷണം നടത്തി കുറ്റക്കാരെ കണ്ടു പിടിക്കണമെന്ന് ആവശ്യപ്പെട്ട് അമ്പല പ്പുഴ എം.എൽ.എ ദേവസ്വം പ്രസിഡന്റിനു നൽകിയ പരാതി യെപ്പറ്റി അന്വേഷിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | (സി) | ബഹുമാനപ്പെട്ട എം.എൽ.എയുടെ പരാതി സംബന്ധിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ് വിജിലൻസ് വിഭാഗം മുഖാന്തിരം അന്വേഷണം നടത്തുകയും, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീമതി. കെ.എസ്. സുജാതകുമാരിയുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചകൾ സംഭവിച്ചിട്ടുള്ളതായി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്മേൽ അനന്തര നടപടികൾ സ്വീകരിച്ചു വരുന്നതായി ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.. |

സെക്ഷൻ ഓഫീസർ